**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4413** **18-03-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ വടവുകോട് - പുത്തൻകുരിശ് പഞ്ചായത്തിൽ കാണിനാട് കുറ്റ എസ്.സി നഗർ അമ്പലത്തിനോട് ചേർന്ന് അപകടാവസ്ഥയിലുള്ള ട്രാൻസ്ഫോമർ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ വടവുകോട്-പുത്തൻകുരിശ് പഞ്ചായത്തിൽ കാണിനാട് കുറ്റ എസ് സി നഗർ അമ്പലത്തിനോട് ചേർന്ന് അപകടാവസ്ഥയിലുള്ള ട്രാൻസ് ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി 24-25 വർഷത്തെ ദ്യുതി വർക്കിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 2025 മാർച്ച് 31 -നകം ഈ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ കഴിയുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത ഭരണാനുമതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ട്രാൻസ്ഫോമർ മാറ്റുന്നതുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അപകടാവസ്ഥയിലുള്ള ട്രാൻസ്ഫോർമർ കുറ്റ പമ്പ് ഹൗസിനടുത്ത് മൈനർ ഇറിഗേഷൻ കനാൽ സൈഡിലേക്ക് പുതുതായി പോസ്റ്റുകൾ സ്ഥാപിച്ച് മാറ്റി സ്ഥാപിക്കുക എന്നതാണ്, ഭരണാനുമതിയിൽ ഉള്ള പ്രവൃത്തി. |
| (സി) | പ്രസ്തുത ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ട്രാൻസ്ഫോമർ എന്നത്തേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയും എന്നു വ്യക്തമാക്കാമോ? | (സി) | പ്രസ്തുത ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 2025 മാർച്ച് 31 -നകം ട്രാൻസ് ഫോർമർ മാറ്റി സ്ഥാപിക്കാൻ കഴിയുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ